# ഗോത്രവും ആദിവാസിയും സ്വത്വ സമരങ്ങളും

ആംസ്റ്റർഡാം സർവകലാശാലയിലെ ആന്ത്രപ്പോളജി ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് പ്രഫസറായ ലൂയിസ കേരളത്തിൽ ഏറെ നാൾ താമസിച്ച്, വ്യാപകമായി സഞ്ചരിച്ചാണ് ഈ പുസ്തകം തയാറാക്കിയിരിക്കുന്നത്. തൊണ്ണൂറുകളിലെ സാമ്പത്തിക ഉദാരവത്കരണത്തിനു ശേഷം കേരളത്തിലെ തദ്ദേശീയ സമൂഹങ്ങളിലുണ്ടായ മാറ്റം എങ്ങനെയായിരുന്നു എന്ന ഗവേഷണമാണിതെന്ന് ലൂയിസ ആമുഖമായിതന്നെ പറയുന്നു.




കേരളത്തിലെ കീഴാള സമരങ്ങളിൽ വർഗബോധം എന്ന ചിന്തയ്ക്ക് പകരം തദ്ദേശീയതയെ ചുറ്റിപ്പറ്റിയുള്ള ആശയങ്ങൾക്ക് പ്രാധാന്യം കിട്ടിയതെങ്ങനെയാണ്? കേരളത്തിലെ ആദിവാസി, ദളിത് സമൂഹത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച ലൂയിസ സ്റ്റെയൂർ എഴുതിയ ''ഇൻഡൈജെനിസ്റ്റ് മൊബിലൈസേഷൻ'' ഇതിന് വ്യക്തമായ ഉത്തരം നൽകുന്നു. ആദിവാസി, ദളിത് സമൂഹങ്ങളിലെ ആക്ടിവിസ്റ്റുകൾ കമ്യൂണിസ്റ്റ് പശ്ചാത്തലമുള്ളവരാണെങ്കിലും ആദിവാസി ഗോത്ര മഹാസഭയുടെ കടന്നു വരവോടെ അതിനു കാര്യമായ വ്യതിചലനമുണ്ടായെന്ന് അവർ ഉദാഹരണസഹിതം വ്യക്തമാക്കുന്നു. രാഷ്ട്രീയമായ ആവശ്യങ്ങൾ തദ്ദേശീയമായ അനന്യതയുടെ പേരിൽ ഉന്നയിക്കപ്പെടുന്നതു തന്നെ കേരളത്തിലെ കീഴാള പോരാട്ടങ്ങളുടെ സ്വഭാവത്തിൽ വന്ന മാറ്റമാണെന്നാണ് ലൂയിസ വ്യക്തമാക്കുന്നത്. കമ്യൂണിസ്റ്റ് പശ്ചാത്തലമുള്ള ആക്ടിവിസ്റ്റുകൾ പോലും തങ്ങളുടെ കാഴ്ചപ്പാടുകൾ ഈ രീതിയിലേക്ക് മാറ്റിയതിനു പിന്നിൽ പ്രസ്ഥാനത്തെ ചൊല്ലിയുള്ള ഇച്ഛാഭംഗമാണ്.

അരനൂറ്റാണ്ടു മുൻപ് ഉദയം കൊണ്ട് കേരള സമൂഹത്തിലാകമാനം സ്വാധീനം ചെലുത്തി മാറ്റങ്ങൾക്ക് വഴിയൊരുക്കിയ കമ്യൂണിസ്റ്റ് പ്രസ്ഥാനം ആദിവാസി, ദളിത് സമൂഹങ്ങൾക്ക് അവരാഗ്രഹിച്ച തരത്തിലുള്ള ഉന്നമനം സമ്മാനിക്കാതെ പോയതാണ് ഈ മാറ്റത്തിനു വഴിയൊരുക്കിയത്. വിവിധ തലമുറകളിലെ കീഴാള ആക്റ്റീവിസ്റ്റുകളുടെ ജീവിതത്തിലൂടെ ലൂയിസ അതു വ്യക്തമാക്കുന്നു. സാഹചര്യങ്ങളെ ഇഴകീറി പരിശോധിക്കുന്ന വംശീയശാസ്ത്ര ഗവേഷണമാണ് ഈ പുസ്തകം നമുക്കു മുന്നിൽ തുറന്നു കാണിക്കുന്നത്. നരവംശശാസ്ത്രത്തെ മാത്രമല്ല, കമ്യൂണിസ്റ്റ്, കീഴാള വിഷയങ്ങളെ ഗൗരവത്തോടെ കാണുന്നവരും വായിച്ചിരിക്കേണ്ട പുസ്തകമാണിത്.

കേരളത്തിലെ തദ്ദേശീയ സ്വത്വരാഷ്ട്രീയത്തിന്റെ എല്ലാ വശങ്ങളും ഭാവങ്ങളും ഇതിൽ ചർച്ച ചെയ്യപ്പെടുന്നു. ആഗോള മുതലാളിത്തത്തിലുണ്ടാകുന്ന മാറ്റങ്ങൾ കേരളത്തിലെ തദ്ദേശീയതയെ എങ്ങനെ സ്വാധീനിക്കുന്നു എന്നും ആഴത്തിൽ വിശദീകരിക്കുന്നു ഈ പുസ്തകം.
തദ്ദേശീയ സ്വത്വചിന്ത തങ്ങളുടെ സ്വത്വത്തെ വിളിച്ചു പറയാനുള്ള പ്രകൃത്യായുള്ള ത്വരയുടെ ഭാഗമല്ല, മറിച്ച് പ്രത്യേക ആവശ്യങ്ങൾ ഉന്നയിച്ച് പ്രത്യേകമായ സാഹചര്യങ്ങളിൽ ചില നേതാക്കളുടെയും ആക്ടിവിസ്റ്റുകളുടെയും കടന്നുവരവുമൂലമുണ്ടാകുന്ന പ്രതിഭാസത്തിന്റെ പ്രതിഫലനമാണ് എന്നാണെന്ന് ഇൻഡൈജെനിസ്റ്റ് മൊബിലൈസേഷൻ വ്യക്തമാക്കുന്നു. സ്വത്വരാഷ്ട്രീയം ഗൗരവത്തോടെ ചർച്ചചെയ്യപ്പെടേണ്ട ഒന്നാണ്. അത് അർഹിക്കുന്ന ഗൗരവത്തോടെ അവതരിപ്പിക്കപ്പെട്ടാൽ സംശയദൃഷ്ടിയോടെ നോക്കപ്പെടുക സ്വാഭാവികം മാത്രമായിരിക്കും. വിമർശനബുദ്ധ്യായുള്ള ചർച്ചകൾക്ക് വഴിതെളിക്കാൻ ഉപയുക്തമായ അനേകം വെളിപ്പെടുത്തലുകളും നിരീക്ഷണങ്ങളും ഇൻഡൈജെനിസ്റ്റ് മൊബിലൈസേഷനിലുണ്ട്.
ആംസ്റ്റർഡാം സർവകലാശാലയിലെ ആന്ത്രപ്പോളജി ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് പ്രഫസറായ ലൂയിസ കേരളത്തിൽ ഏറെ നാൾ താമസിച്ച്, വ്യാപകമായി സഞ്ചരിച്ചാണ് ഈ പുസ്തകം തയാറാക്കിയിരിക്കുന്നത്. തൊണ്ണൂറുകളിലെ സാമ്പത്തിക ഉദാരവത്കരണത്തിനു ശേഷം കേരളത്തിലെ തദ്ദേശീയ സമൂഹങ്ങളിലുണ്ടായ മാറ്റം എങ്ങനെയായിരുന്നു എന്ന ഗവേഷണമാണിതെന്ന് ലൂയിസ ആമുഖമായിതന്നെ പറയുന്നു.

മൂന്നു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്ന ആറ് അധ്യായങ്ങളാണ് പുസ്തകത്തിലുള്ളത്. ആദ്യ ഭാഗത്തിലെ രണ്ട് അധ്യായങ്ങൾ ഗോത്രം എന്തെന്നും ആദിവാസികൾ ആരെന്നും വ്യക്തമാക്കാനുള്ളതാണ്. ആദിവാസികളെ സംബന്ധിച്ച് നരവംശശാസ്ത്രപരമായി ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. ബസ്തർ പോലുള്ള പ്രദേശങ്ങളിലെ ആദിവാസികളുമായി കേരളത്തിലെ ആദിവാസികളെ താരതമ്യം ചെയ്യരുതെന്ന് അവർ വ്യക്തമാക്കുന്നു. ആദിവാസി എന്ന വാക്കിലൂടെ പാശ്ചാത്യമായ ഒരു ധാരണയാണ് എല്ലാവരും ഉണ്ടാക്കിയിരിക്കുന്നത്. അവരെ വനവാസികൾ എന്ന ഗണത്തിൽ പെടുത്തുകയാണ് സാധാരണഗതിയിൽ ചെയ്യപ്പെടുന്നത്. എന്നാൽ, മറ്റെല്ലാ ''മുഖ്യധാരാ'' സമൂഹങ്ങളെയും പോലെ പൊതു ഇടങ്ങളിൽ ജീവിക്കുന്നവരാണ് ഇവരെന്നത് ആരും കണക്കിലെടുക്കുന്നില്ല.

രണ്ടാം ഭാഗത്തെ രണ്ട് അധ്യായങ്ങളും വർഗത്തെ അധിഷ്ഠിതമാക്കിയ പ്രവർത്തനങ്ങളിൽ നിന്ന് സ്വത്വാധിഷ്ഠിത സമരങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും കീഴാള സമൂഹം എങ്ങനെ പരിവർത്തനം ചെയ്തെന്ന് വ്യക്തമാക്കുന്നു. കീഴാള ജനതയെ നയിക്കുന്ന ഓരോരുത്തരും പ്രവർത്തനം തുടങ്ങിയത് കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലായിരുന്നെങ്കിലും ആ പാർട്ടിയുടെ ആശയപരമായ വ്യതിചലനം ഇവരെയെല്ലാം മാറിച്ചിന്തിക്കാൻ പ്രേരിപ്പിക്കുകയായിരുന്നു. കേരളത്തിൽ ആദിവാസി, ദളിത് നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പലരെയും നേരിട്ടുകണ്ടതിന്റെ വിവരങ്ങൾ ഈ പുസ്തകത്തിൽ കാണാം. സി.കെ. ജാനുവും സണ്ണി എം. കപിക്കാടുമൊക്കെ ഈ ഭാഗത്ത് കടന്നു വരുന്നു.

മൂന്നാം ഭാഗത്തു വരുന്ന അഞ്ചാം അധ്യായം പ്രശസ്തമായ കേരള മോഡൽ വികസനത്തിന്റെ വിലയിരുത്തലാണ്. കേരള മോഡൽ എന്നാൽ ''കടുത്ത തൊഴിൽ നിയമങ്ങളും ഭൂപരിഷ്കരണവും അടിച്ചേൽപിച്ചതു വഴി വിപണിയെ മെരുക്കിയതിന്റെ'' ഫലമായുണ്ടായ മാറ്റമാണെന്നാണ് ലൂയിസയുടെ വിലയിരുത്തൽ. ആറാം അധ്യായം ആദിവാസി തൊഴിലാളികളുടെ ജീവിതത്തെ വിശദീകരിക്കുന്നു. അറുപതുകളിലെ തൊഴിൽ പീഡനങ്ങളിൽ നിന്ന് മോചിതരായ അവരുടെ ജീവിതത്തിൽ കാര്യമായ മാറ്റമൊന്നും വന്നിട്ടില്ല. ഉദാരവത്കരണത്തിനു ശേഷം അതു കുറേക്കൂടി ദയനീയമായെന്നു പറയാം. കൊട്ടമുരട് കോളനിയുടെ കേസ് സ്റ്റഡി ഇക്കാര്യത്തിൽ പ്രത്യേകം എടുത്തു പറയുന്നുണ്ട്.

ഇൻഡൈജെനിസ്റ്റ് മൊബിലൈസേഷൻ
ലൂയിസ സ്റ്റെയൂർ
ഓറിയന്റ് ബ്ലാക്ക് സ്വാൻ
വില: 1075 രൂപ